പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5350 | 31.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| | സംസ്ഥാനത്ത് മായം ചേർത്ത ഭക്ഷ്യ വസ്തുക്കൾ വിറ്റഴിക്കുന്നത് തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | സംസ്ഥാനത്ത് നിയമസഭാനിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകളും ഇവരെ നിയന്ത്രിക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാകമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ് ഇത്തരം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ പദാർത്ഥങ്ങൾ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാഗുണനിലവാരനിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഉത്സവ ആഘോഷവേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധനകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ